بسم الله الرحمن الرحيم

**2009, ഖുത്ബ നമ്പര്‍- 38**

**18.09.2009**
**ബയ്ത്തുല്‍ ഫുതൂഹ്,**
**ലണ്ടന്‍**

# ജുമുഅ: അനിവാര്യമായ ആരാധന

يٰۤاَيُّهَا الَّذِيۡنَ اٰمَنُوۡۤا اِذَا نُوۡدِىَ لِلصَّلٰوةِ
مِنۡ يَّوۡمِ الۡجُمُعَةِ فَاسۡعَوۡا اِلٰى ذِكۡرِ اللّٰهِ
وَذَرُوا الۡبَيۡعَ ؕ ذٰلِكُمۡ خَيۡرٌ لَّـكُمۡ اِنۡ كُنۡتُمۡ
تَعۡلَمُوۡنَ ﴿١٠﴾ فَاِذَا قُضِيَتِ الصَّلٰوةُ
فَانْتَشِرُوۡا فِى الۡاَرۡضِ وَابۡتَغُوۡا
مِنۡ فَضۡلِ اللّٰهِ وَاذۡكُرُوا اللّٰهَ
كَثِيۡرًا لَّعَلَّكُمۡ تُفۡلِحُوۡنَ ﴿١١﴾
وَاِذَا رَاَوۡا تِجَارَةً اَوۡ لَهۡوَا ۨانْفَضُّوۡۤا اِلَيۡهَا
وَتَرَكُوۡكَ قَآئِمًا ؕ قُلۡ مَا عِنۡدَ اللّٰهِ خَيۡرٌ
مِّنَ اللَّهۡوِ وَمِنَ التِّجَارَةِ ؕ وَاللّٰهُ خَيۡرُ
الرّٰزِقِيۡنَ ﴿١٢﴾ ع

വിശ്വസിച്ചവരേ! വെള്ളിയാഴ്ച ദിവസം നമസ്കാരത്തിനായി വിളിച്ചാല്‍ അല്ലാഹുവിനെ സ്മരിക്കുന്നതിലേക്ക് നിങ്ങള്‍ ധൃതി പ്പെട്ടു പോവുകയും വ്യാപാരം നിറുത്തിവെയ്ക്കുകയും ചെയ്യുക. നിങ്ങള്‍ മനസ്സിലാക്കുന്നെങ്കില്‍ അത് നിങ്ങള്‍ക്ക് ഗുണകരമാണ്.

പിന്നെ, നമസ്കാരം നിര്‍വ്വഹിച്ചുകഴിഞ്ഞാല്‍ നിങ്ങള്‍ ഭൂമിയില്‍ പിരിഞ്ഞുപോവുകയും അല്ലാഹുവിന്‍റെ അനുഗ്രഹത്തില്‍ നിന്ന് അന്വേഷിക്കുകയും ചെയ്തുകൊള്ളുക. നിങ്ങള്‍ വിജയം പ്രാപി ക്കുന്നതിനായി അല്ലാഹുവിനെ അധികമായി സ്മരിക്കുക.

ഏതെങ്കിലും ഒരു കച്ചവടമോ വിനോദമോ കണ്ടാല്‍ അവര്‍ അതി ലേക്ക് ചിതറിപ്പിരിഞ്ഞു പോവുകയും നിന്നെ തനിയെ നിന്ന നില യില്‍ വിട്ടേക്കുകയും ചെയ്യുന്നു. പറയുക, അല്ലാഹുവിന്‍റെ പക്കലു ള്ളത് വിനോദത്തേക്കാളും കച്ചവടത്തേക്കാളും ഉത്തമമാണ്. അല്ലാഹു ഉപജീവനം നല്‍കുന്നവരില്‍ വെച്ച് ഏറ്റവും ഉത്തമനാകുന്നു. (62: 10-12)

ഈ റമദാനിലെ എല്ലാ ജുമുഅ വേളയിലും മസ്ജിദ് ഫുത്തൂ ഹില്‍ ജുമുഅക്ക് വേണ്ടി വരുന്നവരുടെ എണ്ണം വര്‍ദ്ധിച്ചു കൊണ്ടി രുന്നു എന്ന കാര്യം ആദ്യം ഞാന്‍ പറയാന്‍ ആഗ്രഹിക്കുകയും അതിന് അല്ലാഹുവിന് നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു. തിര ക്കു കാരണം പള്ളിയുടെ വാതില്‍ തുറന്നിട്ടുകൊണ്ട്, മുമ്പിലുള്ള ഗ്യാലറിയിലും മറ്റും നമസ്കാരക്കാര്‍ക്ക് സ്ഥലം ഉണ്ടാക്കേണ്ടതായി വന്നു. ജനങ്ങളെ പള്ളിയില്‍ ഉള്‍കൊള്ളാന്‍ കഴിയാതെ വന്നി രുന്നു. പൊതുവില്‍ ഇത്രയധികം തിരക്കുണ്ടാകാറുള്ളത് പ്രത്യേക പരിപാടി ഉള്ളപ്പോഴോ അതല്ലെങ്കില്‍ ജുമുഅത്തുല്‍ വിദാഅ് എന്ന് അറിയപ്പെടുന്ന റമദാനിലെ അവസാനത്തെ ജുമുഅയിലോ ആണ്. ജുമുഅ ദിവസത്തിന് പ്രത്യേകം പ്രാധാന്യം നല്‍കികൊണ്ട് ജുമുഅ യില്‍ പങ്കെടുക്കുക എന്നത് തന്നെയാണ് യഥാര്‍ത്ഥ ജുമുഅ ത്തുല്‍ വിദാഅ് എന്ന് ഓരോ അഹ്മദിയും മനസ്സിലാക്കേണ്ടിയി രിക്കുന്നു. നമ്മുടെ എല്ലാ ബിസിനസുകളും മറ്റു ജോലികളും ഉപേ ക്ഷിച്ചുകൊണ്ട് ജുമുഅ ദിവസം അല്ലാഹുവിന്‍റെ കല്‍പന പ്രകാരം നാം ഒരുമിച്ച് കൂടുന്നു. ഇതുമുഖേന ജുമുആയുമായി ബന്ധപ്പെട്ട അല്ലാഹുവിന്‍റെ ബര്‍ക്കത്തുകള്‍ നാം കരസ്ഥമാക്കുന്നവരായി മാറു ന്നതാണ്. ഈ അനുഗ്രഹങ്ങള്‍ കരസ്ഥമാക്കികൊണ്ട് ജുമുഅക്ക് ശേഷം അല്ലാഹുവിന്‍റെ കല്‍പനപ്രകാരം ഭൗതീകമായ ജോലികളില്‍ മുഴുകുമ്പോള്‍ നാം ഒരിക്കലും അല്ലാഹുവിന്‍റെ സ്മരണ കൈ വിടില്ല എന്ന പ്രതിജ്ഞയോട് കൂടിയാണ് അതില്‍ പ്രവേശിക്കുന്നത്.

അതോടൊപ്പം തന്നെ ഇബാദത്തുകള്‍ അതിന്‍റെ നിബന്ധന യോ ടുകൂടി നിര്‍വ്വഹിക്കുകയും ചെയ്യുന്നതാണ്. ഇന്ന് ജുമുഅ നമ സ്കരിച്ച് പുറത്തിറങ്ങുമ്പോള്‍ അടുത്ത ജുമുഅയെ വരവേല്‍ക്കാ നുള്ള ആവേശം ഹൃദയത്തില്‍ അലതല്ലേണ്ടതാണ്. റമദാനിലെ അവ സാനം മാത്രം വരുന്ന ജുമുഅത്തുല്‍ വിദാഇനെ പ്രതീക്ഷിക്കുന്നവ രായി നാം മാറാതിരിക്കട്ടെ. ഇതുകൂടാതെ 51,52 ജുമുഅകള്‍ വര്‍ ഷത്തില്‍ വരുന്നുണ്ട്. അവയേയും സ്വീകരിക്കേണ്ടത് നിര്‍ബന്ധമാണ്.

അതുകൊണ്ട് ഈ റമദാനിലെ അവസാന ജുമുആയില്‍, പ്രത്യേ കിച്ച് ജുമുഅ വിട്ടുപോകുന്നവര്‍ പ്രതിജ്ഞ എടുക്കേണ്ടത്, അടു ത്ത റമദാനിലെ ജുമുഅത്തുല്‍ വിദാഇനെ മാത്രം വരവേല്‍ക്കാതെ അടുത്ത ആഴ്ച്ച വരുന്ന ജുമുഅയെ ഞങ്ങള്‍ വരവേല്‍ക്കുന്ന താണ് എന്നാണ്. ഈ ജുമുഅക്ക് ശേഷം ഞങ്ങള്‍ ഞങ്ങളുടെ ബല ഹീനതകളും ന്യൂനതകളും മനസ്സിലാക്കികൊണ്ട് അതില്‍ നിന്ന് മോചനത്തിനായി ശ്രമിക്കും എന്നും പ്രതിജ്ഞ എടുക്കുക. ഈ റമദാനിലെ ജുമുഅയില്‍ മസ്ജിദ് ബൈത്തുല്‍ ഫുത്തൂഹില്‍ കണ്ട ഹാജര്‍ നില ലോകത്തുള്ള മറ്റു പള്ളികളിലും ദൃശ്യമായിട്ടുണ്ടാകും എന്ന് ഞാന്‍ പ്രതീക്ഷിക്കുന്നു. ജുമുആക്ക് വേണ്ടി പള്ളികളില്‍ വരുന്ന ഈ ഒരാവേശം എപ്പോഴും നിലനില്‍ക്കട്ടെ എന്നാണ് എന്‍റെ പ്രാര്‍ത്ഥന. ഇതിന്നായി ഓരോ അഹ്മദിയും ദുആ ചെയ്യേണ്ടതാണ്. സൂറത്തുല്‍ ജുമുഅയിലെ ഞാന്‍ ഓതിയ ആയത്തുകളില്‍ നിന്ന് മനസ്സിലാകുന്നത് ഓരോ അഹ്മദിയുടേയും പ്രധാന ഉത്തരവാദിത്വം ഇതാണ് എന്നാണ്.

സൂറത്തുല്‍ ജുമുഅയില്‍ അവസാന റുക്കൂഅ് തുടങ്ങുന്നത് തന്നെ يٰۤاَيُّهَا الَّذِيۡنَ اٰمَنُوۡۤا എന്ന് പറഞ്ഞ് കൊണ്ടാണ്. വിശ്വാസികളേ! നിങ്ങളെ ജുമുആക്ക് വേണ്ടി വിളിക്കപ്പെട്ടുകഴിഞ്ഞാല്‍ ജുമുഅ നമസ്കരിക്കണം എന്ന ഒരൊറ്റ ലക്ഷ്യം മാത്രമായിരിക്കണം നിങ്ങ ളുടെ മുമ്പില്‍ ഉണ്ടാകേണ്ടത്. മറ്റെല്ലാ ജോലികള്‍ക്കും ദ്വിദീയ സ്ഥാനം നല്‍കുക. ഈ ആയത്തിന്‍റെ തൊട്ടു മുമ്പത്തെ ആയത്തു കളെക്കുറിച്ച് നോക്കുകയാണെങ്കില്‍ അതില്‍ യഹൂദികളെക്കുറി ച്ചാണ് പറയുന്നത് എന്ന് മനസ്സിലാകും. അവരില്‍ തൗറാത്ത് ഇറ ക്കപ്പെട്ടെങ്കിലും അതനുസരിച്ച് അവര്‍ പ്രവര്‍ത്തിച്ചില്ല.തിരുനബി (സ.അ) യെക്കുറിച്ച് വ്യക്തമായ പ്രവചനങ്ങള്‍ ഉണ്ടായിട്ടുകൂടി

അവർ അദ്ദേഹത്തെ എതിർക്കുകയാണ് ചെയ്തത്. അവർ തൗറാത്തിനെ വിവിധ രീതിയിൽ വ്യാഖ്യാനിച്ചുകൊണ്ടാണ് ആ മഹാത്മാവിനെ നിഷേധിച്ചുകളഞ്ഞത്. ഈ സൂറത്തിൽ അല്ലാഹു അവരെ കുറിച്ച് പറയുന്നത്, തൗറാത്ത് അനുസരിച്ച് പ്രവർത്തിക്കാത്തതു കൊണ്ട് അവർ ഗ്രന്ഥം ചുമക്കുന്ന കഴുതകളെപോലെയാണ് എന്നാണ്.

ചുരുക്കത്തിൽ ഏഴു ദിവസത്തിൽ ഒരിക്കൽ വരുന്ന ഒരു ദിവസം ആരാധനക്കായി അവൻ പ്രത്യേകപ്പെടുത്തിയിരുന്നു. അതിനെയും അവർ മറന്നുകളഞ്ഞു.അവർക്ക് വേണ്ടി നിശ്ചയിച്ച സബ്ബത്തിന്റെ ദിനത്തിൽ അവർ അല്ലാഹുവിന് അനിഷ്ഠകരമായ പല പ്രവർത്തനങ്ങളും ചെയ്യുകയുണ്ടായി. സബ്ബത്ത് എന്നത് ശനിയാഴ്ച്ചക്കും പറയാറുണ്ട്. ഇതിന് മറ്റു പല അർത്ഥങ്ങളുണ്ട്. ചുരുക്കത്തിൽ യഹൂദികൾക്ക് വേണ്ടി നിശ്ചയിച്ച സബ്ബത്ത് അവർക്ക് പ്രത്യേകമായ പ്രാർത്ഥിക്കാനും ആരാധിക്കാനുമുള്ള ഒരു ദിവസമായിരുന്നു. ചില കാര്യങ്ങൾ ചെയ്യുന്നതിൽനിന്ന് ആ ദിവസം അവരെ വിലക്കുകയും ചെയ്തിരുന്നു. എന്നാൽ തന്ത്രപൂർവ്വം അത് അവർ അവഗണിക്കുകയാണ് ചെയ്തത്.

وَلَقَدْ عَلِمْتُمُ الَّذِيْنَ اعْتَدَوْا مِنْكُمْ فِي السَّبْتِ

ഇതു സംബന്ധമായി വിശുദ്ധഖുർആനിൽ ഇപ്രകാരം വരുന്നു.

(അറബി) - സബത്തിനെ കുറിച്ച് അതിക്രമം പ്രവർത്തിച്ചവരെ കുറിച്ച് നിങ്ങൾ അറിഞ്ഞിരിക്കുന്നു. അതിക്രമത്തിന്റെ ഫലമായി അവർക്ക് ശിക്ഷ ലഭിക്കുകയും ചെയ്തു.

ഈ സൂറത്തിൽ വഴികേടിലായ യഹൂദികളെ പരാമർശിച്ചതിന് ശേഷം **വിശ്വാസികളെ** എന്ന് വിളിച്ച്കൊണ്ട് കാര്യങ്ങൾ പറയുമ്പോൾ അതിന്റെ അർത്ഥം നിങ്ങൾക്ക് ഇങ്ങനെയുള്ള തെറ്റുകൾ പറ്റരുത് എന്ന് ഓർമ്മപ്പെടുത്തുകയാണ് ചെയ്യുന്നത്. നിങ്ങൾ നിങ്ങൾക്ക് നിശ്ചയിച്ചിരിക്കുന്ന ജുമുഅ ദിവസത്തെ വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തുന്നില്ലെങ്കിൽ നിങ്ങളും ശിക്ഷക്ക് പാത്രമായിത്തീരുന്നതാണ്. മറ്റു സമൂഹങ്ങളെപ്പോലെ മുസ്ലീംകൾക്കും സബ്ബത്തിന്റെ ദിനമുണ്ട്. മുസ്ലിംകളുടെ സബ്ബത്തിന്റെ ദിനം വെള്ളിയാഴ്ച്ചയാണ്. ഈ ദിവസത്തെ പ്രത്യേകമായി സംരക്ഷിക്കേണ്ടതും അതിന് അതർഹിക്കുന്ന പരിഗണന നൽകേണ്ടതും ഓരോ മുസ്ലിമിന്റെയും കടമയാണ്, അതിനായി പ്രാർത്ഥിക്കുകയും ചെയ്യേണ്ടതാണ്. ജുമുഅ ദിവസം ആരാധനക്കായി വിളിക്കപ്പെട്ടുകഴിഞ്ഞാൽ തങ്ങളുടെ എല്ലാ ജോലികളും ഉടനെ നിർത്തിവെച്ചുകൊണ്ട് മുഅ്മിനിംകൾ ജുമുആയിൽ പങ്കെടുക്കാനായി പള്ളിയിലേക്ക് നിങ്ങേണ്ടതാണ്. ഖുത്ബ്ബ കേൾക്കാനായി പള്ളിയിലേക്ക് കുതിക്കേണ്ടതാണ്. ബാങ്ക് വിളി ഞങ്ങൾക്ക് ഈ നാടുകളിൽ കേൾക്കാൻ കഴിയുന്നില്ലെന്ന് വല്ലവരും പറയുകയാണെങ്കിൽ പല സംവിധാനങ്ങളും ഇക്കാലത്ത് ഒരുക്കാവുന്നതാണ്. ഇക്കാലത്ത് ഫോണുകളിൽ പല ശബ്ദങ്ങളും നാം റിക്കാർഡ് ചെയ്തുവെക്കുന്നു. അലാരത്തിന്റെ ശബ്ദമായി ബാങ്കിന്റെ ശബ്ദം വെക്കാൻ പറ്റുമോ എന്നെനിക്ക് അറിയില്ല. അങ്ങനെ ചെയ്യാൻ കഴിയുമെങ്കിൽ ഈ സമയത്ത് അലാരത്തിന്റെ ശബ്ദമായി ബാങ്കിന്റെ ശബ്ദം സെറ്റ് ചെയ്തുവെക്കുക. ബാങ്കിന്റെ ശബ്ദം നാം ഫോണിലൂടെ ജുമുഅയുടെ സമയമാകുമ്പോൾ കേൾക്കുകയാണെങ്കിൽ ജുമുഅയിൽ പങ്കെടുക്കാൻ പ്രത്യേക ശ്രദ്ധയുണ്ടാകും. മാത്രമല്ല മറ്റുള്ളവർക്കും ഇത് ശ്രദ്ധിക്കാൻ കാരണമായിത്തീരുന്നതാണ്. ഇത് തബ്ലീഗിനുള്ള ഒരു മാർഗം തുറക്കുകയും ചെയ്യുന്നതായിരിക്കും.ഏതു രീതിയാണെങ്കിലും ശരി, അത് ചെയ്യാവുന്നതാണ്. സാധാരണ അലാരത്തിന്റെ ശബ്ദവും നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്നതായിരിക്കും. എന്തുതന്നെയാണെങ്കിലും ജുമുആയുടെ പ്രാധാന്യത്തെ ഒരിക്കലും അവഗണിക്കരുത്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ഇത് സംബന്ധമായി നൽകിയിരിക്കുന്ന വിശദീകരണം ഇക്കാലത്തേക്ക് തികച്ചും യോജിച്ചതാണ്. അദ്ദേഹം പറയുന്നു: ഇക്കാലത്ത് يَاأَيُّهَا الَّذِيْنَ آمَنُوْا എന്ന സംബോധിതർ ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ വിശ്വസിച്ചവരാണ്. പൊതു മുസ്ലിംകളും ഇതിൽ ഉൾപ്പെടും എന്നതിൽ സംശയമില്ല. ഈ സൂറത്തിൽ ഹദ്റത്ത് മസീഹ് മൗഊദിനെക്കുറിച്ച് പറഞ്ഞതിന് ശേഷം ജുമുഅയുടെ പ്രാധാന്യത്തെക്കുറിച്ച് വിവരിച്ചതിൽ നിന്നും മനസ്സിലാകുന്നത് വാഗ്ദത്ത മസീഹിനെ വിശ്വസിച്ചവർക്ക് ജുമുഅയിൽ പങ്കെടുക്കുക എന്നത് വളരെയധികം പ്രാധാന്യമുള്ളതാണ് എന്നാണ്. മറ്റു മുസ്ലിംകൾ മുസ്ലിംകളാണെന്നും മുഅ്മിനീങ്ങളാണെന്നും വാദിക്കുന്നുണ്ടെങ്കിലും വാഗ്ദത്ത മസീഹിനെ നിഷേധിച്ചതു കാരണം "നിങ്ങൾ ഗ്രന്ഥത്തിന്റെ ഒരു ഭാഗം വിശ്വസിക്കുകയും, ഒരു ഭാഗം നിഷേധിക്കുകയും ചെയ്യുകയാണോ?" എന്ന് അല്ലാഹു ചോദിച്ചവരുടെ ഗണത്തിൽ പെടുന്നതാണ്.

അതിനാൽ വിശുദ്ധഖുർആന്റെ തുടക്കം മുതൽ അവസാനം വരെയുള്ള കൽപനകൾ പാലിക്കുന്നവരാണ് യഥാർത്ഥ വിശ്വാസികൾ. ഹദ്റത്ത് ആദം (അ) മുതൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) വരെയുള്ള എല്ലാ പ്രവാചകൻമാരിലും വിശ്വസിക്കുന്നവരുമാണ് യഥാർത്ഥവിശ്വാസികൾ. അതിനാൽ ഈ ദിവസത്തെ പ്രാധാന്യത്തോടെ വരവേൽക്കേണ്ടത് നമ്മുടെ കടമയാണ്. ഇതിനായി കച്ചവടത്തെ ഉപേക്ഷിക്കുക. വാഗ്ദത്തമസീഹിന്റെ കാലം കച്ചവടവുമായി ബന്ധപ്പെട്ട കാലം കൂടിയാണ്. ഏത് മേഖലയിലും വികസനം വന്നു കൊണ്ടിരിക്കുകയാണ്. സ്റ്റോക്ക് മാർക്കറ്റുകൾ മുഖേന ലോകബിസിനസ്സിലെ ഉയർച്ചയും താഴ്ച്ചയും മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ഈ ബിസിനസ്സുമായി ബന്ധപ്പെട്ടു നിൽക്കുന്നവർ ഓരോ കമ്പനിയുടെയും ഓഹരികളുടെ കയറ്റിറക്കം നോക്കിക്കൊണ്ട് ഓഹരി വിൽക്കുകയും വാങ്ങുകയും ചെയ്യുന്നതിൽ നിമഗ്നരായിരിക്കയാൽ ഒരു നിമിഷനേരം അതിൽ നിന്ന് ശ്രദ്ധ തിരിച്ചാൽ ചിലപ്പോൾ ലക്ഷങ്ങളുടേയും കോടികളുടേയും നഷ്ടം സഹിക്കേണ്ടതായി വരുന്നു. ഇതേപോലെ മാർക്കറ്റിലുള്ള കച്ചവടങ്ങളിലും എല്ലാവരും ഉൾപ്പെടുന്നു. ഇലക്ട്രോണിക്ക് മീഡിയകൾ ഇന്ന് കച്ചവടരംഗം കൈയ്യടക്കിയിരിക്കുന്നതുകൊണ്ട് ഇക്കാലത്ത് ഓരോ നിമിഷവും തന്നെ വലിയ വിലപ്പെട്ടതായി മാറിയിരിക്കുകയാണ്. ഇതിനുമുമ്പ് ഇത്ര മാത്രം സുസംഘടിതമായ രീതിയിൽ വ്യാപാര പ്രവർത്തനങ്ങൾ നടന്നിരുന്നില്ല.

അതുകൊണ്ടാണ് ഇവിടെ അല്ലാഹു പറയുന്നത് എത്ര വലിയ കച്ചവടമായാലും നിങ്ങളുടെ പക്കൽ സമയം തീരെ ഇല്ലെങ്കിലും ശരി ജുമുഅ നമസ്കാരത്തിന്റെ പ്രാധാന്യം ഉപേക്ഷിക്കാൻ പറ്റില്ല. സമയം കണ്ടെത്തി നിങ്ങൾക്ക് വരാൻ പോകുന്ന നഷ്ടത്തെയെല്ലാം അവഗണിച്ചുകൊണ്ട് ജുമുഅക്ക് വേണ്ടിയുള്ള സംവിധാനം ഒരുക്കേണ്ടത് നിർബന്ധമാണ്. ചെറുകിട കച്ചവടക്കാർക്ക് പ്രത്യേകിച്ച് ഒരു ഒഴിവുകഴിവും പറയാൻ തന്നെ പറ്റില്ല.

അതിനാൽ ജുമുആയെ സംരക്ഷിക്കുന്ന മുഅ്മിനീങ്ങളാണ് അഹ്മദികൾ. അപ്പോഴാണ് ഇക്കാലത്ത് വന്ന മാർഗ്ഗദർശിയുടെ മാർഗ്ഗദർശനങ്ങളനുസരിച്ച് ചരിക്കുന്നവരായും അല്ലാഹുവിന്റെ ഫള്ലുകളെ ആകർഷിച്ചുകൊണ്ട് അവന്റെ പ്രിയരായും നാം മാറുകയുള്ളൂ.

ജുമുആയുടെ പ്രാധാന്യത്തെക്കുറിച്ച് വിവരിച്ചുകൊണ്ട് തിരുനബി (സ.അ)അരുളുന്നു. ഹദ്റത്ത് അബൂഹുറൈറ (റ) രിവായത്ത് ചെയ്യുന്നു. തിരുനബി (സ.അ) പറയുന്നതായി ഞങ്ങൾ കേട്ടു. നാം അവസാനദിനത്തിൽ വന്നവരായിട്ടുകൂടി ഖിയാമത്ത്നാളിൽ നാം ഏറ്റവും മുമ്പിലായിരിക്കും. അവർക്ക് ഗ്രന്ഥം മുമ്പേ ലഭിച്ചിരിക്കുന്നു എന്നത് ശരിതന്നെ. അവർക്ക് നിർബന്ധമാക്കപ്പെട്ട ദിവസമായിരുന്നു ഇത്. അവർ ഇതിനെ സംബന്ധിച്ചും ഭിന്നാഭിപ്രായക്കാരായി. അല്ലാഹു ഇക്കാര്യത്തിൽ നമുക്ക് വഴികാട്ടുകയുണ്ടായി. ഇക്കാര്യത്തിൽ ജനങ്ങൾ നമ്മെ പിൻപറ്റുന്നതാണ്. യഹൂദികൾ അടുത്ത ദിവസവും ക്രൃസ്ത്യാനികൾ അതിന്റെ അടുത്ത ദിവസവും. (ബുഖാരി ഫർളുൽ ജുമുഅ).

ഈ ഹദീസിന് അൽപം വിശദീകരണം ആവശ്യമാണ്. ഇതു സംബന്ധമായി മറ്റൊരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) ന്റെ കാലത്ത് ജമാഅത്ത് ബുഖാരിയിലെ ഹദീസുകൾക്ക് അർത്ഥവും ചെറിയ രീതിയിലുള്ള വ്യാഖ്യാനവും എഴുതാനുള്ള ജോലി ഹദ്റത്ത് സൈനുൽ ആബിദീൻ വലിയുള്ളാഹ് ശാഅ്(റ)നെ ഏൽപ്പിച്ചിരുന്നു. അതിന്റെ ചില വാള്യങ്ങൾ ആ കാലത്ത് പ്രസിദ്ധീകരിച്ചിരുന്നു. പിന്നീട് കുറേകാലം ഇത് പ്രസിദ്ധീകരിക്കാൻ സാധിച്ചില്ല. അടുത്ത കാലത്ത് ഞാൻ നൂർ ഫൗണ്ടേഷൻ എന്ന ഒരു വകുപ്പ് സ്ഥാപിക്കുകയും ഇതിലൂടെ ഹദീസുകൾ പ്രസിദ്ധീകരിക്കുവാനുള്ള സംവിധാനം ജമാഅത്തിൽ ചെയ്തുവരികയും ചെയ്യുന്നു.സഹീഹ് മുസ്ലിമിന്റെയും സഹീഹ് ബുഖാരിയുടെയും പല വാള്യങ്ങളും ഇപ്പോൾ പ്രസിദ്ധീകൃതമായിട്ടുണ്ട്. ശാഹ് സാഹിബ് ഈ ഹദീസ് എഴുതിയിരിക്കുന്ന വ്യാഖ്യാനത്തിൽ നിന്നും ഇതിന്റെ ആശയം നമുക്ക് വ്യക്തമായി മനസ്സിലാകുന്നതാണ്.

ഈ വ്യാഖ്യാനം നീണ്ടതാണ്. അതിൽ അദ്ദേഹം ജുമുഅ ഫർളെ കിഫായ (ചിലർ അനുഷ്ഠിച്ചാൽ മറ്റെല്ലാവരും ബാധ്യതയിൽ നിന്നും ഒഴിവാ കുന്നതിനേയാണ് ഫർള് കിഫായ് എന്ന് പറയുന്നത്.) ആണെന്ന് ചിലർ പറഞ്ഞതിനെ ഖണ്ഡിക്കുകയും ഇത് ഫർളാ ണെന്ന് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പിന്നീട് അദ്ദേഹം സബത്തിന്റെ ഭാഷാപരമായ അർത്ഥത്തെക്കുറിച്ച് വിശദീകരിക്കുന്നു. തുടർന്ന് യഹൂദികളുടെ ചരിത്രത്തിൽ നിന്നും മറ്റും യഹൂദികൾക്ക് നിശ്ചയിച്ചിരുന്ന സബത്തിന്റെ ദിനം വെള്ളിയാഴ്ചയായിരുന്നു എന്നും അല്ലെങ്കിൽ സബത്തിൽ വെള്ളിയാഴ്ച്ചയുടെ ഒരു ഭാഗം ഉൾ പ്പെട്ടിരുന്നു എന്നും അദ്ദേഹം തെളിയിക്കുന്നുണ്ട്. പിന്നീടവർ അതിനെ ശനിയാഴ്ച്ചയാക്കി മാറ്റുകയായിരുന്നു. ശാഹ് സാഹിബിന്റെ വ്യാഖ്യാനത്തിൽ നിന്നും ചില ഭാഗങ്ങൾ ഞാൻ കേൾപ്പിക്കുകയാണ്.

സബത്ത് എന്നതിന്റെ ഭാഷാർത്ഥം ജോലിയെല്ലാം ഉപേക്ഷിച്ച് വിശ്രമിക്കുക (ലിസാനുൽ അറബ്). ഇതിന്റെ സാങ്കേതിക അർത്ഥം എല്ലാവിധ ജോലികളിൽ നിന്നും വിരമിച്ച് അല്ലാഹുവിന്റെ ആരാധനയിൽ മുഴുകുക. ഒരു ദിവസം ആരാധനയിൽ മുഴുകണം എന്നത് ബനൂ ഇസ്റാഈല്യർക്ക് നൽകപ്പെട്ടിരുന്ന പ്രത്യേക കൽപനയായിരുന്നു. (പുറപ്പാട് 31:14-16, 35:3) ഇതിനെ അവർ ലംഘിക്കുകയുണ്ടായി. ബനൂ ഇസ്റാഈല്യർക്ക് ഉണ്ടായിരുന്നതുപോലുള്ള ഒരു വിലക്കും ജുമുഅ ദിവസം മുസ്ലിംകൾക്ക് ഉണ്ടായിരുന്നില്ല. ഈ വിലക്കിനെ കുറിച്ച് വിശുദ്ധ ഖുർആനിൽ അല്ലാഹു പ്രത്യേകമായി ഈ വാക്കുകളിലാണ് പറയുന്നത്.

إِنَّمَا جُعِلَ السَّبْتُ عَلَى الَّذِينَ اخْتَلَفُوا

فِيهِ ۗ وَإِنَّ رَبَّكَ لَيَحْكُمُ بَيْنَهُمْ يَوْمَ الْقِيَامَةِ فِيمَا كَانُوا فِيهِ يَخْتَلِفُونَ ﴿١٢٥﴾

(16:125)

സബത്ത് അഥവാ ഭൗതീക ജോലികളിൽ നിന്ന് വിരമിച്ച്കൊണ്ട് അല്ലാഹുവിന്റെ ആരാധനയിൽ മുഴുകണം എന്ന കൽപന അതിലെ ആജ്ഞകളെ നിഷേധിച്ചവർക്കാണ് നിർബന്ധമാക്കിയിട്ടുള്ളത്.

അവർക്ക് ഏഴാമത്തെ ദിവസമായിരുന്നു നിശ്ചയിക്കപ്പെട്ടത് എന്ന് ഇതിന്നർത്ഥമില്ല. ക്രിസ്തീയസമൂഹം കാലത്തിന്റെ കുത്തൊഴുക്കിൽ അകപ്പെട്ടുകൊണ്ട് ആരാധനക്കുള്ള ദിവസം ശനിയാഴ്ച്ചയിൽ നിന്ന് ഞായറാഴ്ച്ചയാക്കി മാറ്റിയെങ്കിൽ യഹൂദികളും മാറ്റിയിട്ടുണ്ടാവും എന്നത് അസംഭവ്യമായി കരുതാവതല്ല. യഹൂദികൾ അവരുടെ പ്രവാസകാലത്ത് ബാബിലികളുടേയും ഫാർസികളുടെയും ഇടയിൽ കുറേകാലം കഴിച്ചുകൂട്ടിയതിന്റെ ഫലമായി അവരുടെ ശിർക്ക്പരമായ വിശ്വാസങ്ങളും ആചാരങ്ങളും സ്വീകരി ച്ചിരുന്നതായി ചരിത്രവസ്തുതകളിൽ നിന്നും സാഹചര്യതെളിവുകളിൽ നിന്നും തെളിയുന്നുണ്ട്. ഈ ബഹുദൈവ വിശ്വാസികളുടെ സ്വാധീനം കാരണം അവർ തങ്ങളുടെ ആദർശങ്ങളെതന്നെ മാറ്റി മറിക്കുകയും ചെയ്തു.

പുരാതന യഹൂദികൾ ജുമുഅ ദിവസത്തിന് പവിത്രത നൽ കിയിരുന്നു. ചരിത്രകാരനായ യൂസീഫസ് തന്റെ വിഖ്യാതമായ ചരിത്രഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ആത്മീയകൽപനകളിൽ നിന്നും തീരുമാനങ്ങളിൽ നിന്നും മനസ്സിലാകുന്നത് വെള്ളിയാഴ്ച്ചയും ശനിയാഴ്ച്ചയും ഒരൊറ്റ യഹൂദിയെപോലും ജഡ്ജിയുടെ മുമ്പാകെ വിളിക്കപ്പെടുന്നതിനെ വിലക്കിയിരുന്നു എന്നാണ് (6:15)

ഇബ്റാനിയിൽ ജുമുഅയുടെ പേര് തന്നെ ഉറൈബ്, ഹശാബാത്ത് എന്നാണ്. സബത്തിനുള്ള തയ്യാറെടുപ്പ് ആറാം ദിവസമായ വെള്ളിയാഴ്ച്ച എട്ടാം ഭാഗത്ത് അതായത് 2 1/2 മണിക്കാണ് ആരംഭിക്കുന്നത്, 3 1/2 മണിക്ക് അവസാനിക്കും. അപ്പോഴാണ് ഖുർബാനി സമർപ്പിക്കപ്പെടുന്നത്. അതിനു ശേഷം യഹൂദികൾ ജോലിയിൽ നിന്നെല്ലാം വിരമിച്ചുകൊണ്ട് കുളിച്ച് വൃത്തിയുള്ള വസ്ത്രമെല്ലാം ധരിച്ച് സബത്തിന്റെ രാജാവിനെ അഥവാ ശനിയാഴ്ച്ചയെ സ്വീകരിക്കുന്നു.

യഹൂദികൾ സബത്തിൽ പാലിക്കേണ്ട കൽപനകൾക്ക് ഘടകവിരുദ്ധമായാണ് പ്രവർത്തിച്ചത് എന്നത് സുനിശ്ചിതമാണ്. മാത്രമല്ല അവർക്ക് അനുഭവിക്കേണ്ടിവന്ന നിന്ദ്യതക്കും നാശത്തിനും എല്ലാം കാരണമായി ചില പ്രവാചകൻമാർ പറയുന്നതും സബത്തിനോടുള്ള അവരുടെ അനാദരവാണ്. യഹൂദികൾക്ക് നാശം വരാനുള്ള കാരണമായി ഹദ്റത്ത് മൂസാ (അ) പ്രവചിച്ചിരുന്നത് തന്നെ അവർ സബത്തിനോട് അനാദരവ് കാണിക്കുമെന്നതാണ്. ഈ എല്ലാ തെളിവുകളും തന്നെ റസൂലുല്ലാഹി (സ.അ) ന്റെ മുകളിൽ പറഞ്ഞ കാര്യം ശരിയാണെന്ന് തെളിയിക്കുന്നു.

തിരുനബി (സ. അ) പറഞ്ഞത്പോലെ അല്ലാഹു മുസ്ലിംകൾക്ക് സബത്ത് ദിവസം ഏതാണെന്ന് പറഞ്ഞുതരികയാണ് ചെയ്തത്. 1500 വർഷം പിന്നിട്ടിട്ടും മുസ്ലിംകൾ ഏതൊരവസ്ഥയിൽ ആണെങ്കിലും ശരി ജുമുഅക്ക് പ്രത്യേക പ്രാധാന്യം നൽകി വരുന്നു. എല്ലാവരും ഒരുമിച്ച് കൂടിയിട്ടില്ലെങ്കിലും ജുമുഅ ഏതായാലും നടന്നു വരുന്നു. ഇവർ ജുമുഅക്ക് ഒരുമിച്ച് കൂടുന്നിടത്തോളം

കാലം അനുഗ്രഹങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കാലത്തിന് ജുമുഅയുമായി പ്രത്യേക ബന്ധമുള്ളത്കൊണ്ട് അഹ്മദികൾക്ക് ജുമുഅയുടെ കാര്യത്തിൽ പ്രത്യേകമായ ശ്രദ്ധ ചെലുത്തേണ്ട ആവശ്യമുണ്ട്. ഈ കൽപനയെ പാലിക്കാൻ നാമാണ് പ്രഥമമായി കടപ്പെട്ടിരിക്കുന്നത്. ഇതിനെ ധിക്കരിച്ചുകൊണ്ട് അല്ലാഹുവിന്റെ കോപത്തിന് പാത്രമാകാതിരിക്കാൻ നാം ശ്രമിക്കേണ്ടതാണ്. മുൻകാലചരിത്രം അല്ലാഹു പറഞ്ഞതും യഹൂദികളുടെ സംഭവങ്ങളെയെല്ലാം അല്ലാഹു വിവരിച്ചും നാം ജാഗരൂഗരായിരിക്കാൻ വേണ്ടിയാണ്. യഹൂദികൾ ആദ്യകാലത്ത് ജുമുഅ ദിവസത്തിന് പ്രത്യേക പ്രാധാന്യം നൽകിയിരുന്നെങ്കിലും പിന്നീട് അവരത് ഉപേക്ഷിക്കേണ്ടതായിരുന്നു. കാരണം ഈ അനുഗ്രഹീത ദിവസം തിരുനബി (സ. അ) ക്കും അവിടുത്തെ ഉമ്മത്തിനും പ്രത്യേകമായി അർഹതപ്പെട്ടതായിരുന്നു.ഈ ദിവസത്തിന്റെ പ്രാധാന്യത്തെ കുറിച്ച് തിരുനബി (സ.അ) നമുക്ക് വ്യക്തമാക്കി പറഞ്ഞുതന്നിട്ടുണ്ട്. ഈ ദിവസമാണ് ആദം ജനിച്ചതും മരിച്ചതും. നമ്മുടെ ആത്മീയ ജീവിതത്തിൽ ഹദ്റത്ത് ആദം (അ) ന് പ്രത്യേക സ്ഥാനമുണ്ട്. വിശുദ്ധ ഖുർആനിൽ ഇതു സംബന്ധമായി അല്ലാഹു വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ) മിനേയും അല്ലാഹു ആദം എന്ന് നാമകരണം ചെയ്തിട്ടുണ്ട്. ഇക്കാലത്ത് ദീനിന്റെ പുനർജനനം ആ മഹാത്മാവുമായി ബന്ധപ്പെട്ടിരിക്കുന്നു. അത്കൊണ്ട് അഹ്മദികൾക്ക് ജുമുഅക്ക് വേണ്ടി പ്രത്യേക തയ്യാറെടുപ്പുകൾ നടത്തേണ്ടതു തന്നെയാണ്. അപ്പോഴായിരിക്കും നാം നേരെയാവുക. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ജമാഅത്തിന് ലഭിക്കും എന്ന് പറഞ്ഞിരിക്കുന്ന അനുഗ്രഹങ്ങൾക്ക് നാം പങ്കാളികളാകുന്നത് അപ്പോഴായിരിക്കും.

ഹദ്റത്ത് ഔസ്ബ്നുഔസ് വിവരിക്കുന്നു. ഹദ്റത്ത് റസൂലുല്ലാഹി (സ.അ) അരുളി. നിങ്ങളുടെ ദിവസങ്ങളിൽ വെച്ചേറ്റവും ഉത്തമമായ ദിവസം വെള്ളിയാഴ്ച്ചയാണ്. ഈ ദിവസമാണ് ആദമിനെ സൃഷ്ടിച്ചത്. ഇതേ ദിവസം അദ്ദേഹം മരിക്കുകയും ചെയ്തു. സൂർ എന്ന കാഹളം ഈ ദിവസമാണ് ഊതപ്പെടുക. ഈ ദിവസം തന്നെ അബോധാവസ്ഥയിലേക്ക് പോകുന്നതുമാണ്. അതുകൊണ്ട് ഈ ദിവസം എനിക്കായി കൂടുതൽ സ്വലാത്ത് ചൊല്ലുക. കാരണം നിങ്ങളുടെ സ്വലാത്തുകൾ ഈ ദിനത്തിൽ എന്റെ മുമ്പിൽ കൊണ്ടുവരപ്പെടുന്നതാണ്.

ഹദ്റത്ത് അബൂലുബാബ ബ്നു മുൻദറിൽ നിന്നും നിവേദനം. തിരുനബി (സ.അ) ഇപ്രകാരം അരുളി.

"വെള്ളിയാഴ്ച്ച ദിവസം ദിവസങ്ങളുടെ നേതാവാണ്. ആ ദിവസം അല്ലാഹുവിന്റെ പക്കൽ ഏറ്റവും മഹത്വരമാകുന്നു. ബലിപെരുന്നാൾ ദിവസത്തേക്കാളും ചെറിയ പെരുന്നാൾ ദിവസത്തേക്കാളും അല്ലാഹുവിന്റെ മുമ്പിൽ പ്രധാനപ്പെട്ട ദിനമാണ് അത്. ഈ ദിനത്തിന് അഞ്ച് പ്രത്യേകതകളാണുള്ളത്. 1. ആദമിനെ ഈ ദിനത്തിൽ അല്ലാഹു സൃഷ്ടിച്ചു. 2.ഈ ദിവസം ആദമിനെ അല്ലാഹു ഭൂമിയിൽ ഇറക്കി. 3. ഈ ദിവസമാണ് ആദം മരിച്ചത്. 4. ഹറാമല്ലാത്ത ഏതൊന്ന് ദാസൻ അല്ലാഹുവിനോട് ചോദിക്കുകയാണെങ്കിലും അല്ലാഹു നൽകുന്ന ഒരു പ്രത്യേക സമയം ഈ ദിനത്തിലുണ്ട്. 5. ഈ ദിവസമാണ് ഖിയാമത്ത് ഉണ്ടാകുക. മലക്കുകളും ആകാശവും ഭൂമിയും പർവ്വതങ്ങളും സമുദ്രവും എല്ലാം ആ ഖിയാമത്തിനെ തൊട്ടു ഭയക്കുന്നു."

ഈ ദിവസത്തിന്റെ പ്രാധാന്യം മുകളിലുള്ള ഹദീസുകളിൽ നിന്നും വ്യക്തമാണ്. തിരുനബി (സ.അ) പറയുന്നു. ഈ ദിവസം എനിക്കായി കൂടുതൽ സ്വലാത്ത് ചൊല്ലുക എന്ന്. നിത്യവും സ്വലാത്ത് ചൊല്ലേണ്ടത് തന്നെയാണ്. എന്നാൽ ഓരോ വെള്ളിയാഴ്ച്ചയും സ്വലാത്ത് ചൊല്ലുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ദുആ സ്വീകരിക്കുന്നതിന് തിരുനബി (സ.അ) യിൽ സ്വലാത്ത് അയക്കുന്നതുമായി പ്രത്യേകമായ ബന്ധമുണ്ട്. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു.

إِنَّ ٱللَّهَ وَمَلَـٰٓئِكَتَهُۥ يُصَلُّونَ عَلَى ٱلنَّبِىِّ ۚ
يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ صَلُّوا۟ عَلَيْهِ وَسَلِّمُوا۟
تَسْلِيمًا ٥٧

(33:57)

അല്ലാഹു അവന്റെ പ്രവാചകന്മാരിൽ അനുഗ്രഹങ്ങൾ വർഷിക്കുന്നു. മലക്കുകളും അനുഗ്രഹങ്ങൾ വർഷിക്കുന്നു. അല്ലയോ വിശ്വാസികളെ നിങ്ങളും ഈ പ്രവാചകനിൽ അനുഗ്രഹങ്ങളും ശാന്തിയും സമാധാനവും ലഭിക്കാനായി പ്രാർത്ഥിച്ചു കൊണ്ടിരിക്കുക. (33: 57)

ഈ ദിവസം ദുആ സ്വീകരിക്കപ്പെടുന്ന ഒരു പ്രത്യേക നിമിഷം ഉണ്ട് എന്ന് തിരുനബി (സ.അ) അരുളിയിട്ടുണ്ട്. അല്ലാഹു നമുക്ക് പഠിപ്പിച്ചുതന്നിരിക്കുന്ന ദുആ നാം ചൊല്ലുകയാണെങ്കിൽ (സ്വലാത്ത് അയക്കുന്നതിനുള്ള ദുആ) മറ്റു സമയങ്ങളിൽ നാം ചെയ്തിരിക്കുന്ന ദുആകൾ സ്വീകരിപ്പെടുന്നതായിരിക്കും. അത്കൊണ്ട് ജുമുഅ ദിവസം കൂടുതലായി സ്വലാത്ത് ചൊല്ലുന്ന ശീലം നാം ഉണ്ടാക്കിയെടുക്കേണ്ടതാണ്.

ജുമുഅ നമസ്കാരം കഴിഞ്ഞാൽ ഭൗതീക കാര്യങ്ങളിൽ പ്രവേശിക്കാൻ അല്ലാഹു അനുവാദം നൽകുന്നുണ്ട്. അല്ലാഹു പറയുന്നു; നിങ്ങൾ ഭൗതീക പ്രവർത്തനങ്ങളിൽ പ്രവേശിക്കുമ്പോഴും എന്റെ സ്മരണയെ മറന്നുകളയരുത്. അല്ലാഹുവിന്റെ ഫള്ലിനെയാണ് നിങ്ങൾ അന്വേഷിക്കേണ്ടത്. ഇതെല്ലാം മനസ്സിൽ വെച്ചുകൊണ്ട് ഭൗതീകവ്യവഹാരത്തിൽ ഏർപ്പെടുന്ന വ്യക്തി എപ്പോഴും തന്നെ ചിന്തിക്കുക, എന്റെ ഒരു ജോലിയും തന്നെ അത്യാർത്തി മൂലം ആകരുത് എന്നും എന്റെ എല്ലാ പ്രവർത്തനവും തഖ്വയിലേക്ക് കൊണ്ടുപോകുന്ന മാർഗ്ഗത്തിലായിരിക്കണം എന്നുമാണ്. എനിക്ക് വഞ്ചന പാടില്ല.എന്റെ ഓരോ ഇടപാടും നേരെചൊവ്വെ ആയിരിക്കേണ്ടതാണ്.കാരണം ഞാൻ അല്ലാഹുവിന്റെ ഫള്ലിനെയാണ് അന്വേഷിക്കുന്നത്. മറ്റൊന്ന് ഇവിടെ പറയുന്നത് അല്ലാഹുവിനെ നിങ്ങൾ കൂടുതലായി സ്മരിക്കുക എന്നാണ്. ഇത് മനസ്സിലുള്ള വ്യക്തിക്ക് എപ്പോഴും തന്റെ ആരാധനകളെ സംരക്ഷിക്കുവാനുള്ള ചിന്ത ഉണ്ടായിരിക്കും. എന്റെ പ്രവർത്തനം നല്ല രീതിയിൽ മുന്നോട്ട് പോകുന്നുണ്ടെങ്കിൽ ഞാൻ അല്ലാഹുവിൽ ഭരമേൽപ്പിച്ചത് കൊണ്ടാണ് ഇത് എന്നും അവൻ കരുതുന്നതാണ്.

അവസാന ആയത്തിൽ അല്ലാഹു പറയുന്നു. രിസ്ഖ് നൽകുന്നവൻ അല്ലാഹുവാണ്. വ്യാപാരങ്ങളിൽ ബർക്കത്ത് ഉണ്ടാകുന്നുണ്ടെങ്കിൽ അല്ലാഹുവിന്റെ കൃപകൊണ്ടാണ് അത് ഉണ്ടാകുന്നത്. നിങ്ങൾ തിരിച്ചറിയപ്പെടുന്നുണ്ടെങ്കിൽ അതും അല്ലാഹുവിന്റെ ഫള്ൽ ഒന്ന്കൊണ്ട് മാത്രമാണ്. അവസാനകാലത്ത് മസീഹ് മഹ്ദിയെ വിശ്വസിച്ചതു കാരണം ഭൗതീകമായ വിനോദങ്ങളും കളിതമാശകളും നിങ്ങളിൽ നിന്ന് എത്രയോ അകന്നിരിക്കേണ്ടതാണ്. ഇങ്ങിനെ നിങ്ങൾ ചെയ്യുന്നില്ലെങ്കിൽ ഞങ്ങൾ ഞങ്ങളുടെ ധനവും

സമ്പത്തും സമയവും എല്ലാം ത്യാഗം ചെയ്യാൻ സന്നദ്ധരാണെന്ന് പ്രതിജ്ഞ ചെയ്തെങ്കിലും അതൊന്നും ഗൗനിക്കാതെ മസീഹ് മൗഊദിനെ ഒറ്റക്ക് ഉപേക്ഷിച്ചു പോയവരെ പോലെ നിങ്ങൾ ആയിത്തീരുന്നതാണ്. അല്ലാഹുവുമായി പ്രത്യേക ബന്ധം സ്ഥാപിക്കുന്നതിന്നും അവനെ ആരാധിക്കുന്നതിലൂടെയും അവന്റെ സ്മരണ നിലനിറുത്തുന്നതിലൂടെയും തങ്ങളുടെ ജീവിതത്തെ അലങ്കരിക്കുകയും സമസൃഷ്ടികളോടുള്ള കടപ്പാടുകൾ നിർവ്വഹിക്കുകയും ചെയ്യുക എന്നീ ഉദ്ദേശ്യങ്ങൾക്കായി ഹദ്റത്ത് മസീഹ് മൗഊദ് സ്ഥാപിച്ച ജമാഅത്തിന്റെ ലക്ഷ്യം നിങ്ങൾ മറന്നുകളഞ്ഞവരായി മാറുന്നതാണ്.

അത്കൊണ്ട് വാഗ്ദത്ത മസീഹും തിരുനബി(സ അ) യുടെ പ്രേമിയുമായ കാലത്തിന്റെ ഇമാമിനോട് നിങ്ങൾക്കെത്ര മാത്രം ബന്ധമുണ്ടെന്നും അദ്ദേഹത്തോട് ചെയ്ത പ്രതിജ്ഞകൾ നിങ്ങൾ എത്രമാത്രം നിറവേറ്റുന്നുണ്ടെന്നും അറിയുന്നതിന് ജുമുഅയിലുള്ള നിങ്ങളുടെ സാന്നിധ്യം ഒരു മാനദണ്ഡമായി അല്ലാഹു നിശ്ചയിച്ചിരിക്കുകയാണ്. അതുകൊണ്ട് ജുമുഅക്ക് പള്ളിയിൽ വരികയും ഇനി പള്ളി ഇല്ലാത്ത സ്ഥലമാണെങ്കിൽ കുറച്ചുപേർ ഒരുമിച്ചു ചേർന്നുകൊണ്ട് ജുമുഅ കൂടുകയും ചെയ്യുക എന്നത് വളരെ സുപ്രധാനമായ കാര്യമായി അഹ്മദികൾ മനസ്സിലാക്കേണ്ടതാണ്. അതിനാൽ റമദാനിൽ മാത്രം ജുമുഅയിൽ പള്ളി നിറക്കാതെ മറ്റെല്ലാ ജുമുഅകളിലും പള്ളി നിറക്കുകയും പള്ളി ചെറുതായി തോന്നുകയും ചെയ്യുന്ന അവസ്ഥ ഉണ്ടായിത്തീരേണ്ടതാണ്.

ജുമുഅയുമായി ബന്ധപ്പെട്ട മറ്റുചില ഹദീസുകൾകൂടി ഞാൻ കേൾപ്പിക്കാം. ഹദ്റത്ത് ജാബിർ (റ) രിവായത്ത് ചെയ്യുന്നു: ഹദ്റത്ത് റസൂലുല്ലാഹി (സ.അ) ഇപ്രകാരം അരുളി: "അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഓരോരുത്തർക്കും വെള്ളിയാഴ്ച്ച ദിവസം ജുമുഅ നമസ്കരിക്കൽ നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. രോഗികളും, യാത്രക്കാരും,സ്ത്രീകളും, കുട്ടികളും ഒഴികെ. ആരാണോ കളിതമാശകൾ കാരണമായോ കച്ചവടം കാരണമായോ ജുമുആയെ അവഗണിക്കുന്നത് അല്ലാഹു അയാളെയും അവഗണിക്കുന്നതാണ്. അല്ലാഹു സ്വയാശ്രയനും സ്തുത്യർഹനുമാണ്".

ഹദ്റത്ത് അബൂഹുറൈറ (റ) രിവായത്ത് ചെയ്യുന്നു:

നബി (സ. അ) ഇപ്രകാരം അരുളി. "വെള്ളിയാഴ്ച്ച ദിവസം നന്മയുടെ പ്രതിഫലം പല ഇരട്ടി വർദ്ധിപ്പിച്ചു നൽകുന്നു.".

ജുമുഅ നമസ്കാരം കൂടാതെ മറ്റു നന്മകളും വെള്ളിയാഴ്ച്ച അനുഷ്ഠിക്കുകയാണെങ്കിൽ അല്ലാഹു അതിന്റെ പ്രതിഫലം പല ഇരട്ടി വർദ്ധിപ്പിക്കുന്നതാണ്. അല്ലാഹുവിന്റെ കൽപനകളെ നിറവേറ്റുന്നതിനെക്കാളും വലിയ വേറൊരു നന്മയുമില്ല. മാത്രമല്ല വളരെ നിർബന്ധമുള്ള കൽപന കൂടിയാണിത്. അതുകൊണ്ട് ജുമുഅ നമസ്കാരത്തിൽ വരിക എന്നത് നന്മയിൽ ഏറ്റവും കൂടുതൽ മുന്നോട്ട് കൊണ്ടുപോകുന്ന ഒന്നാണ്. വിശ്വാസിയെയും കപട വിശ്വാസിയേയും വ്യതിരിക്തമാക്കുന്നതും ഇത് തന്നെയാണ്. ഒരു രിവായത്തിൽ ഇപ്രകാരം കാണാം. ഹദ്റത്ത് ഇബ്നു അബ്ബാസ് (റ) നിവേദനം ചെയ്യുന്നു. നബി (സ.അ) തിരുമേനി അരുളി. യാതൊരു കാരണവും കൂടാതെ ആരാണോ ജുമുഅ ഉപേക്ഷിച്ചത്, കർമ്മ പുസ്തകത്തിൽ അവനെ കപട വിശ്വാസി (മുനാഫിഖ്) എന്ന് എഴുതപ്പെടുന്നതാണ്. അത് മായ്ച്ചു കളയാനോ മാറ്റാനോ സാധ്യമല്ല.

ഹദ്റത്ത് അബൂജാദ് തമ്രി (റ) രിവായത്ത് ചെയ്യുന്നു. ഹദ്റത്ത് റസൂലുല്ലാഹി (സ.അ) അരുളി: "അലസതകാരണം ആരാണോ മൂന്ന് ജുമുഅകൾ തുടർച്ചയായി ഉപേക്ഷിച്ചത് അല്ലാഹു അവന്റെ ഹൃദയത്തിൽ മുദ്ര വെക്കുന്നു." മുദ്ര വെച്ചു കഴിഞ്ഞാൽ നന്മ ചെയ്യാനുള്ള അവസരം ലഭിക്കാതെ പോകുന്നു.

ഹദ്റത്ത് സൽമാനുൽ ഫാർസി (റ) രിവായത്ത് ചെയ്യുന്നു. തിരുനബി (സ.അ) അരുളി: " ജുമുഅ ദിവസം കുളിക്കുകയും തന്റെ കഴിവനുസരിച്ച് പരിശുദ്ധി കൈവരിക്കുകയും എണ്ണ പുരട്ടുകയും സുഗന്ധദ്രവ്യം പൂശി വീട്ടിൽ നിന്ന് പുറപ്പെടുകയും രണ്ടു പേരെ വേർപിരിക്കാതിരിക്കുകയും (പള്ളിയിൽ ഇരിക്കാനായി രണ്ടു പേരുടെ ഇടയിൽ കയറി അവരെ അകറ്റികൊണ്ട് ഇരിക്കുക) നിർബന്ധമായിരിക്കുന്ന നമസ്കാരം അനുഷ്ഠിക്കുകയും ഇമാം ഖുത്ബ നൽകുമ്പോൾ നിശബ്ദനായി കേൾക്കുകയും ചെയ്താൽ ഈ ജുമുഅക്കും അടുത്ത ജുമുഅക്കും ഇടയിൽ അവനിൽ നിന്ന് വന്നുപോകുന്ന എല്ലാ പാപങ്ങൾക്കും ഇതൊരു പരിഹാരമായി ത്തീരുന്നതാണ്.

ഹദ്റത്ത് അബൂഹുറൈറ (റ) രിവായത്ത് ചെയ്യുന്നു. ഹദ്റത്ത് നബി (സ.അ) തിരുമേനി ഇപ്രകാരം അരുളി. "വെള്ളിയാഴ്ച്ച ദിവസം മലക്കുകൾ പള്ളിയുടെ വാതിലിൽ വന്നു നിൽക്കുന്നു. ആദ്യം വരുന്നവന്റെ പേർ ഒന്നാമത്തെ നമ്പറിൽ എഴുതുന്നു. ആദ്യം വന്നവന്റെ ഉദാഹരണം ഒട്ടകത്തെ ഖുർബാൻ ചെയ്തവനെപ്പോലെയാണ്. അതിനു ശേഷം വരുന്നവൻ പശുവിനെ ഖുർബാൻ ചെയ്തവനെപ്പോലെയും തുടർന്ന് വരുന്നവൻ ചെമ്മരിയാടിനെ ഖുർബാൻ ചെയ്തവനെപ്പോലെയും പിന്നെയുള്ളവൻ കോഴിയെ ഖുർബാൻ ചെയ്തവനെപ്പോലെയും പിന്നീടു വരുന്നവൻ മുട്ട ഖുർബാൻ ചെയ്തവനെപ്പോലെയുമാണ്. എന്നാൽ ഇമാം മിമ്പറിൽ വന്നു കഴിഞ്ഞാൽ മലക്കുകൾ അവരുടെ റജിസ്റ്റർ അടച്ചു വെക്കുകയും ഖുത്ബ ശ്രദ്ധാപൂർവ്വം കേൾക്കുകയും ചെയ്യുന്നതാണ്.

പ്രതിഫലം ലഭിക്കുന്നതിനെക്കുറിച്ച് പറയുന്നതോടൊപ്പം ശ്രദ്ധാപൂർവ്വം ഖുത്ബ കേൾക്കേണ്ടതിന്റെ ആവശ്യവും ഈ ഹദീസിൽ വിവരിക്കുന്നുണ്ട്. അല്ലാഹുവിന്റെ മലക്കുകൾ ശ്രദ്ധാപൂർവ്വം ഇരുന്ന് കാര്യങ്ങൾ ശ്രദ്ധിക്കുന്ന സദസ്സിനേക്കാളും അനുഗ്രഹീതമായ സദസ്സ് മറ്റേതുണ്ട്.

ഹദ്റത്ത് ഇബ്നു അബ്ബാസ് (റ) നിവേദനം ചെയ്യുന്നു. റസൂലുല്ലാഹി (സ അ) അരുളി: ജുമുഅ ദിവസം ഇമാം ഖുതുബ നൽകിക്കൊണ്ടിരിക്കുമ്പോൾ സംസാരിക്കുന്നവന്റെ ഉദാഹരണം ഏടുകൾ ചുമക്കുന്ന കഴുതയെപ്പോലെയാണ്. മിണ്ടാതിരിക്കൂ എന്ന് പറയുന്നവനും ജുമുഅ നഷ്ടപ്പെടുന്നതാണ്.

സംസാരിക്കുന്നവരോട് മിണ്ടാതിരിക്കുക എന്ന് പറയുന്നതു പോലും നിരോധിച്ചിരിക്കുന്നു.കുട്ടികൾ ശബ്ദമുണ്ടാക്കുന്നുണ്ടെങ്കിൽ അവരെ അവിടെ നിന്ന് എടുത്ത് കൊണ്ട് പോകേണ്ടതാണ്. ഇനി പ്രായമുള്ള കുട്ടികൾ സംസാരിക്കുകയാണെങ്കിൽ ആംഗ്യത്തിലൂടെ അവരെ നിശബ്ദരാക്കേണ്ടതാണ്.

ഹദ്റത്ത് ജാബിർ ബ്നു അബ്ദുല്ല (റ) നിവേദനം ചെയ്യുന്നു. ഒരിക്കൽ സുലൈക് ഉസ്മാനി ജുമുഅ ദിവസം തിരുനബി (സ) ഖുതുബ നൽകിക്കൊണ്ടിരിക്കുമ്പോൾ പള്ളിയിൽ വന്ന് നമസ്ക്കരിക്കാതെ ഇരുന്നു. തിരുനബി (സ) പറഞ്ഞു: സുലൈക്! രണ്ട് റകാഅത്ത് ചെറുതാക്കി നമസ്ക്കരിച്ച് ഇരിക്കുക.എന്നിട്ട് പറഞ്ഞു. നിങ്ങളിൽ ആരെങ്കിലും ജുമുഅ ദിവസം ഇമാം ഖുതുബ നൽകിക്കൊണ്ടിരിക്കുമ്പോൾ വന്നാൽ അവർ വേഗത്തിൽ രണ്ട് റകഅത്ത് നമസ്ക്കരിച്ച് ഇരിക്കുക.

അർഖമ (റ) രിവായത്ത് ചെയ്യുന്നു. ഞാൻ അബ്ദുല്ലാ ഇബ്നു

മസ്ഊദിന്റെ കൂടെ ജുമുഅയിൽ പങ്കെടുക്കാനായി പോയി. അദ്ദേഹത്തിനു മുമ്പേ മൂന്ന് പേർ പള്ളിയിൽ എത്തിയിരുന്നു. അദ്ദേഹം പറഞ്ഞു . ഞാൻ നാലാമനാണ്. നാലാമനും അത്ര പിന്നിലല്ല. കാരണം ഞാൻ റസൂലുല്ലാഹി (സ) ഇപ്രകാരം പറയുന്നതായി കേട്ടിട്ടുണ്ട്: ഖിയാമത്ത് നാളിൽ ജനങ്ങൾ അല്ലാഹുവിന്റെ മുമ്പിൽ ജുമുഅയിൽ വരുന്ന ക്രമമനുസരിച്ചായിരിക്കും ഇരിക്കുക; നാലാമനും വലിയ അകലത്തായിരിക്കില്ല.

ഹദ്റത്ത് സമൂറ (റ) നിവേദനം ചെയ്യുന്നു; ഹദ്റത്ത് റസൂൽ (സ) അരുളി: ജുമുഅ നമസ്ക്കാരത്തിനായി വരിക. ഇമാമിന് അടുത്തായി ഇരിക്കുക.ഒരാൾ ജുമുഅയിൽ പങ്കെടുക്കുന്നതിൽ മടിച്ചിരുന്നത് കാരണം സ്വർഗത്തിന്റെ അവകാശിയായിട്ടു കൂടി സ്വർഗത്തിൽ നിന്ന് അവൻ അകറ്റപ്പെടുകയുണ്ടായി.

മറ്റു നന്മകൾ മനുഷ്യൻ ചെയ്യുന്നുണ്ടെങ്കിലും ജുമുഅയിൽ പങ്കെടുക്കാത്തത് കാരണം അവന്റെ ഹൃദയത്തിന് തുരുമ്പു പിടിക്കുകയും അങ്ങിനെ പിന്നിട് നന്മകൾ ചെയ്യാൻ കഴിയാതെ വരികയും ചെയ്യുന്നു.

ഹദ്റത്ത് ഉബൈദ് ബ്നു സബാത്ത് (റ) നിവേദനം ചെയ്യുന്നു. തിരുനബി(സ) ജുമുഅ ദിവസം അരുളി: മുസ്ലീംകളെ ! അല്ലാഹു നിങ്ങൾക്ക് ഈ ദിവസം പെരുന്നാൾ ദിനമാക്കിയിരിക്കുന്നു. ഈ ദിവസം നിങ്ങൾ കുളിക്കുകയും സുഗന്ധം പൂശുകയും പല്ല് വൃത്തിയാക്കുകയും ചെയ്യുക.

ജുമുഅയുടെ ഈ പ്രധാന്യത്തെ നാം എപ്പോഴും മനസ്സിൽ വെക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ജുമുഅയുടെ പ്രാധാന്യം മറ്റൊരു രീതിയിൽ വിവരിക്കുന്നു. اَلْيَوْمَ اَكْمَلْتُ لَكُمْ دِيْنَكُمْ എന്ന ആയത്തിനെ വിശദീകരിച്ചുകൊണ്ട് പറയുന്നു.

اَلْيَوْمَ اَكْمَلْتُ لَكُمْ دِيْنَكُمْ എന്ന ആയത്തിന് രണ്ട് അർത്ഥങ്ങളാണുള്ളത്. ഒന്ന് , നിങ്ങൾ വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു. രണ്ട്, ഗ്രന്ഥം പൂർത്തിയാക്കപ്പെട്ടിരിക്കുന്നു. ഈ ആയത്ത് ഇറങ്ങിയ ദിവസം വെള്ളിയാഴ്ചയായിരുന്നു എന്നാണ് പറയപ്പെടുന്നത്. ഹദ്റത്ത് ഉമർ (റ) വിനോട് ഒരു യഹൂദി പറഞ്ഞു , ഈ ആയത്ത് ഇറങ്ങിയ ദിവസം പെരുന്നാൾ ആക്കിയേനെ. അപ്പോൾ ഹദ്റത്ത് ഉമർ (റ) പറഞ്ഞു: ഈ ആയത്ത് ഇറങ്ങിയത് വെള്ളിയാഴ്ചയാണ്. വെള്ളിയാഴ്ച പെരുന്നാളാണ്. എന്നാൽ പലരും ഈ പെരുന്നാളിൽ നിന്നും അശ്രദ്ധരാണ്. മറ്റു പെരുന്നാളിന്ന് വസ്ത്രമെല്ലാം മാറ്റി ഒരുങ്ങുന്നു. എന്നാൽ ഇതിനെ അത്ര ഗൗനിക്കാറില്ല. വളരെ മോശമായ വസ്ത്രവും ധരിച്ചാണ് ഇതിൽ പങ്കെടുക്കാൻ വരുന്നത്. എന്റെ പക്കൽ മറ്റു പെരുന്നാളുകളെക്കാളും ഉത്തമമാണ് ഈ പെരുന്നാൾ. ഈ പെരുന്നാളിനെക്കുറിച്ച് സൂറത്തുൽ ജുമുഅ ഇറങ്ങിയിട്ടുണ്ട്. ഇതിനു വേണ്ടിയാണ് നമസ്ക്കാരം ഖസ്റ് ആക്കപ്പെടുന്നത്. വെള്ളിയാഴ്ച അസർ സമയത്താണ് ആദം ജനിച്ചത്. ആദ്യത്തെ മനുഷ്യൻ ജനിച്ചതും ഈ ദിവസമാണ്. വിശുദ്ധഖുർആൻ സമാപനം കുറിച്ചതും ഈ ദിവസം തന്നെ. ( ചില ഹദീസുകളെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് തിരുനബി(സ) കശ്ഫിലൂടെ അറിവ് നൽകിയിട്ടുണ്ട്. അതുകൊണ്ട് മറ്റു രിവായത്തുകൾ ഉണ്ടെങ്കിലും ഏറ്റവും പ്രബലമായിട്ടുള്ളത് ഇങ്ങിനെ ലഭിച്ച ഹദീസുകളാണ്.)

ചുരുക്കത്തിൽ അതിശ്രേഷ്ഠമായ ഒരു മതത്തിന്റെ വക്താക്കളാണ് നാം. ആ മതത്തെ ഇറക്കിക്കൊണ്ട് അല്ലാഹു തന്റെ ദീനിനെ പൂർത്തിയാക്കുകയുണ്ടായി. ഒരു യഹൂദിക്ക് പോലും ഈ ആയത്തിന്റെ മഹത്വത്തെ അംഗീകരിക്കേണ്ടതായി വന്നു. ദീനിനെ പൂർത്തിയാക്കിക്കൊണ്ട് വിശുദ്ധഖുർആനെ തിരുനബി (സ) ക്ക് ഇറക്കിക്കൊടുത്ത അല്ലാഹു തന്റെ ഗ്രന്ഥത്തിൽ നമ്മോട് പ്രത്യേകമായ രീതിയിൽ ജുമുഅയെക്കുറിച്ച് കൽപിച്ചിരിക്കുന്നു. അതുകൊണ്ട് ഇതിൽ ഒരു രീതിയിലും നാം അലസത കാണിക്കരുത്. അല്ലാഹു നമുക്കും നമ്മുടെ മക്കൾക്കും ജുമുഅക്ക് പ്രത്യേക ശ്രദ്ധ നൽകാനുള്ള തൗഫീക്ക് നൽകുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ പ്രതീക്ഷക്കനുസരിച്ച് നമുക്ക് ഉയരാൻ സാധിക്കുമാറാകട്ടെ.


വിവർത്തനം
എം. നാസിർ അഹ്മദ്, കൊടിയത്തൂർ
മുബല്ലിഗ് – എറണാകുളം
PHONE : 9497343704

KHUTHBA:
HADHRAT MIRZA MASROOR AHMAD
KHALIFATHUL MASIH - V
on 18- 09 - 2009 at
Baithul Futuh,London
UK.

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode
Published by : Majlis Khuddamul Ahmadiyya, Kerala